# നിഗളം വ്യഭിചാരത്തെക്കാൾ അപകടകരമാണ്.

**സാക് പുന്നൻ**

WFTW Malayalam 1 April 2012

www.jeevamozhikal.org

ഏദോമിന്റെ മേലുള്ള ദൈവത്തിന്റെ ന്യവിധിയെക്കുറിച്ചാണ് ഓബദ്യാവ് സംസാരിക്കുന്നത്. ഏദോം നമ്മുടെ ജഡത്തെ സൂചിപ്പിക്കുന്നു. അതിനാൽ ഈ പ്രവചനം നമ്മുടെ ജഡത്തിന്റെ നശീകരണം സൂചിപ്പിക്കുന്നതാണ്. ഇവിടെ ഏദോമിന്റെ നിഗളത്തെക്കുറിച്ചു പറയുന്നു."നിന്റെ ഹൃദയത്തിലെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു. പാറയുടെ പിളർപ്പുകളിൽ വസിക്കുകയും ഉന്നതങ്ങളിൽ വീടു വച്ചിരിക്കുകയും ചെയ്യുന്ന നീ എന്നെ ആര് നിലത്തു തള്ളിയിടും എന്നു നിന്നോടുതന്നെ പറയുന്നു. നീ കഴുകനെപ്പോലെ ഉയർന്നു പറന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ നിന്റെ കൂടുണ്ടാക്കിയാലും അവിടെ നിന്നു നിന്നെ ഇറക്കിക്കൊണ്ടു വരും എന്ന് യഹോവയുടെ അരുളപ്പാട്" (ഓബ.3:4).

ജഡം എല്ലായ്പ്പോഴും തന്നെത്താൻ ഉയർത്തുന്നു. എന്നാൽ ആ നിഗളത്തെ പൂർണ്ണമായി നശിപ്പിക്കാൻ ദൈവം നിശ്ചയിച്ചിരിക്കുന്നു. കള്ളന്മാർ രാത്രിയിൽനിന്റെ അടുക്കൽ വന്നാൽ അവർക്കു വേണ്ടതു മാത്രമല്ലാതെ എല്ലാം അവർ എടുക്കുന്നില്ല. എന്നാലിവിടെ "തിരഞ്ഞുപിടിച്ച് നിന്റെ നിക്ഷേപങ്ങൾ ആകെ കൊള്ളയടിച്ചിരിക്കുന്നു." നമ്മിലുള്ള ജഡത്തിന്റെ എല്ലാ ചെറിയ അംശവും ജഡത്തിന്റെ എല്ലാ മോഹങ്ങളും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സമ്പൂർണമായി നശിപ്പിക്കപ്പെടും എന്നാണ് ഇതിന്റെ അർത്ഥം.

ഏദോം തന്റെ അടുത്ത ബന്ധുവായ യിസ്രായേലിനോടു ചെയ്ത അക്രമം നിമിത്തമാണ് ഏദോമിനെ ശിക്ഷിച്ചത്. യിസ്രായേലിന് വലിയ സഹായം ആവശ്യമുണ്ടായിരുന്നപ്പോൾ , അവരെ ബന്ധനസ്ഥരായി കൊണ്ടുപോയ സമയത്ത് ഏദോം അവരെ സഹായിച്ചില്ല. "അപരിചിതർ അയാളുടെ സമ്പത്ത് എടുത്തുകൊണ്ടു പോകുകയും പരദേശികൾ അയാളുടെ വാതിലുകളിൽ കൂടി കടന്ന് യെരുശലേമിനെ ചീട്ടിടുകയും ചെയ്ത ദിവസം നീ അകന്നു നിന്നു. നീയും അവരിൽ ഒരുത്തനെപ്പോലെ ആയിരുന്നു."(വാക്യം.11). അവരും യിസ്രയേലിന്റെ ശത്രുക്കളെപ്പോലെ പെരുമാറി. ഏദോം യിസ്രയേലിനെ സഹായിക്കാൻ ഒന്നും ചെയ്തില്ല.

പ്രവൃത്തിയാലുള്ള പാപമുണ്ട്. പ്രവർത്തിക്കാതിരിക്കുന്നതിനാലുള്ള പാപവുമുണ്ട്. പലപ്പോഴും നാം പാപത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ പ്രവർത്തിച്ച പാപത്തെക്കിറിച്ചു മാത്രമാണ് ചിന്തിക്കുന്നത്. നല്ല ശമര്യാക്കാരന്റെ കഥയിലെ പുരോഹിതനും ലേവ്യനും പാപപ്രവൃത്തി ഒന്നും ചെയ്തില്ല. അവർ ആ മുറിവേറ്റ മനുഷ്യനെ ഉപദ്രവിക്കുകയൊന്നുമുണ്ടായില്ല. സഹായം ആവശ്യമായിരുന്ന ആ മനുഷ്യനു വേണ്ടി ചെറുവിരൽ പോലും അനക്കിയില്ല എന്നതാണ് അവരുടെ പാപം. ആവശ്യക്കാരനായ ഒരു മനുഷ്യനെ സഹായിക്കാതെയിരിക്കുന്നത് പാപമാണെന്നു നാം അറിയുന്നുണ്ടോ? പ്രവൃത്തിക്കാതിരിക്കന്നതിനാലുള്ള പാപമാണിത്. ഏദോം ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾ ചെയ്തില്ല. അത് ദൈവം ഗൗരവമായിക്കണ്ടു. ഏദോമിന്റെ രണ്ടാമത്തെ പാപം യിസ്രായേൽ ബന്ധനത്തിലായപ്പോൾ ഉള്ളിൽ സന്തോഷിച്ചു എന്നതാണ് (വാക്യം 12). നിങ്ങൾക്കിഷ്ടമില്ലാത്ത ഒരുവന് ഏതെങ്കിലും ദുരനുഭവം ഉണ്ടാകുമ്പോൾ നിങ്ങൾക്കുസന്തോഷം തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ അതു പാപമാണ്. മറ്റുള്ളവരുടെ ദൗർഭാഗ്യത്തിൽ നാം സന്തോഷിക്കരുത്. അതുകൊണ്ടും അവസാനിച്ചില്ല. നിസ്സഹായരായ യിസ്രയേല്യരെ ഏദോം വഴിത്തലയ്ക്കൽ കാത്തുനിന്നു ഛേദിച്ചുകളഞ്ഞു (വാക്യം 14). യിസ്രയേലിന്റെ ശത്രുക്കളുമായി അവൻ സഹകരിച്ചു. ഒടുവിൽ ദൈവം യിസ്രയേലിന്റെ യഥാസ്ഥാനപ്പെടലിനെക്കുറിച്ചു സംസാരിക്കുന്നു. മിക്കവാറും എല്ലാ പ്രവാചകന്മാരും ഈ യഥാസ്ഥാനപ്പെടലിനെക്കുറിച്ചു പ്രവചിച്ചിരുന്നു. ഒരു നാൾ യെരുശലേം രക്ഷപ്പെട്ടു വരുന്നവർക്ക് ഒരു അഭയസ്ഥാനമായിരിക്കും. (വാക്യം 17). അത് ഒരു വിശുദ്ധസ്ഥലമായിരിക്കും. യിസ്രയേൽജനം അവരുടെ അവകാശം വീണ്ടെടുക്കുവാൻ മടങ്ങിവരും. ആ നാളിൽ യിസ്രയേൽ ദൈവത്തിനായുള്ള ജ്വലിക്കുന്ന അഗ്നിയായിരിക്കും. അന്നു ഏദോം വരണ്ട നിലത്തെ താളടി പോലെയായിരിക്കും. വിമോചിതരായവർ യെരുശലേമിലേക്കു വന്ന് ഏദോമിനെ (ജഡത്തെ) ഭരിക്കും. രാജത്വം യഹോവയ്ക്കാകും (വാക്യം 21). പിന്മാറ്റത്തിലിരിക്കുന്ന ദൈവജനത്തോട് "നിങ്ങൾ

രാജാവിനെ നോക്കുക" എന്നു പ്രഖ്യാപിച്ചുകൊണ്ട് അവരെ ദൈവത്തിങ്കലേക്കു തിരികെ ക്ഷണിക്കുവാനുമായി ഇന്നു ദൈവം നമ്മെ വിമോചിതരായി വിളിച്ചിരിക്കുന്നു.

ഏദോമിന്റെ വീഴ്ചക്കു കാരണമെന്തായിരുന്നു? നിന്റെ ഹൃദയത്തിലെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു (വാക്യം 3). നാം അഹങ്കാരികളാകുമ്പോൾആത്മീയമായി ചതിക്കപ്പെടുവാൻ നമ്മെത്തന്നെ തുറന്നു കൊടുക്കുകയാണ്. കാരണം അഹങ്കാരമെന്നത് ചതിയനായ സാത്താന്റെ സ്വഭാവം തന്നെയാണ്. സൗന്ദര്യം, ബുദ്ധി, ആത്മീയത, വചനപരിജ്ഞാനം അങ്ങനെ എന്തിലെങ്കിലും നിങ്ങൾ അഹങ്കരിച്ചാൽ ആ നിമിഷം തന്നെ പിശാച് നിങ്ങളുടെ കയ്യിൽ പിടിച്ചു പറയും "ഇപ്പോൾ ഞാനും നീയും തമ്മിൽ കൂട്ടായ്മയിലാണ്". മറുവശത്ത് ഭൂമിയിൽ ഏറ്റവും താഴ്മയുള്ളവനായിരുന്നു യേശുക്രിസ്തു. നിങ്ങൾ തന്നെത്താൻ താഴ്ത്തുമ്പോൾ യേശുവുമായി കൂട്ടായ്മയിൽ ആയിരിക്കും.

അഹങ്കാരം വ്യഭിചാരത്തെക്കാൾ അപകടകരമാണ്. കാരണം വ്യഭിചാരം പുറമെയുള്ള പാപമാണ്. പുറമെയുള്ളതും സ്പഷ്ടവുമായ പാപങ്ങളെക്കാൾ മറഞ്ഞിരിക്കുന്ന പാപങ്ങളാണ് ഗൗരവമുള്ളത്. അഹങ്കാരത്താൽ തൃപ്തിയോടെയിരിക്കുന്നവൻ ചതിക്കപ്പെടുമെന്ന് ഓബദ്യാവ് മുന്നറിയിപ്പു നൽകുന്നു. നമുക്കു ചുറ്റുമുള്ള, ജഡത്തിന്റെ ഇച്ഛയിൽ ബന്ധിക്കപ്പെട്ട ആളുകളെക്കുറിച്ചു ഭാരമുണ്ടായിരിക്കുക. യേശുവിന് അവരെ പൂർണസ്വതന്ത്രരാക്കുവാൻ കഴിയുമെന്നു പ്രഖ്യാപിക്കുക എന്നിവ ചെയ്യാൻ ഓബദ്യാവിന്റെ ഈ ചെറു പ്രബോധനത്തിൽ നിന്നു നമുക്കു പഠിക്കാം.

മൊഴിമാറ്റം: സാജു ജോസഫ്.